# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:15.11.2024**

### പ്രധാനവാർത്തകൾ

1. **സ്വാതന്ത്ര്യസമര കാലം മുതൽ ഗോത്രവർഗ്ഗ സമൂഹം രാജ്യത്തിൻറെ സമൃദ്ധിക്കും വികസനത്തിനും വലിയ പങ്കാണ് വഹിക്കുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ജൻജാതിയ ഗൗരവ് ദിവസിന്റെ ഭാഗമായി ആറായിരത്തി 640 കോടി രൂപയുടെ വികസന പദ്ധതികൾക്ക് പ്രധാനമന്ത്രി ബിഹാറിൽ തുടക്കം കുറിച്ചു.**

2. **ഗോത്രവർഗ്ഗ വിഭാഗത്തെ വികസിത സമൂഹമാക്കി മാറ്റാനുള്ള ഊർജ്ജിത ശ്രമമാണ് രാജ്യത്ത് നടക്കുന്നതെന്ന് കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ. ധർത്തി ആബാ ജനജാതീയ ഗ്രാം ഉത്കർഷ് അഭിയാന്റെ സംസ്ഥാനതല ഉദ്ഘാടന ചടങ്ങിൽ കേന്ദ്രസഹമന്ത്രി പങ്കെടുത്തു.**

RNU TVPM

3. **സംസ്ഥാന സ്കൂൾ ശാസ്ത്രോത്സവത്തിന് ആലപ്പുഴയിൽ തുടക്കമായി. വൈകുന്നേരം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.**

4. **കൽപ്പാത്തി രഥോത്സവത്തോടനുബന്ധിച്ചുള്ള ദേവരഥ സംഗമം ഇന്ന്. തിരുവനന്തപുരം വെട്ടുകാട് ക്രിസ്തുരാജ ദേവാലയത്തിലെ, തിരുനാളിന് ഇന്ന് കൊടിയേറും.**

5. **ഇന്ത്യ- ദക്ഷിണാഫ്രിക്ക ട്വന്റി -20 ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരം ഇന്ന്.**

*******************************************************************

**രാഷ്ട്രപതി**

പ്രമുഖ ഗോത്ര വർഗ നേതാവും സ്വാതന്ത്ര്യ സമര സേനാനിയുമായ ബിർസാ മുണ്ടയുടെ 150-ാാം ജന്മവാർഷിക ദിനമായ ഇന്ന് രാജ്യം "ജൻ-ജാതീയ ഗൗരവ്" ദിവസമായി ആഘോഷിക്കുന്നു. ഇന്ത്യയിലെ ഗോത്രവർഗ സമൂഹം രാജ്യത്തിന് നൽകിയ സംഭാവനകളെ അനുസ്മരിക്കുന്ന ദിനം കൂടിയാണിത്. ബിർസ മുണ്ടയെ പോലെ രാജ്യത്തിൻറെ സ്വാതന്ത്ര്യത്തിനായി പോരാടിയ കേരളത്തിന്റെ ധീരനായ ഗോത്രവർഗ നേതാവാണ് തലക്കൽ ചന്തു. പഴശ്ശിരാജയുടെ കുറിച്യ പടയുടെ തലവനായിരുന്ന ചന്തുവിനെ ബ്രിട്ടീഷുകാർ തൂക്കിലേറ്റിയ ദിവസം കൂടിയാണ് ഇന്ന്. ഗോത്രവർഗ വിഭാഗം കൂടി വികസിക്കുമ്പോൾ മാത്രമേ രാജ്യ വികസനം യാഥാർഥ്യമാകൂയെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു ദിനാചരണ സന്ദേശത്തിൽ പറഞ്ഞു.

*****************************************************************

**ജൻ ജാതിയ ദിവസ്-പ്രധാനമന്ത്രി**

സ്വാതന്ത്ര്യസമര കാലം മുതൽ ഗോത്രവർഗ്ഗ സമൂഹം രാജ്യത്തിൻറെ സമൃദ്ധിക്കും വികസനത്തിനുമായി വലിയ പങ്കാണ് വഹിക്കുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ജൻജാതിയ ഗൗരവ് ദിവസ് അനുസ്മരണത്തിൻറെയും ഗോത്രവർഗ നേതാവും സാമൂഹിക പരിഷ്ക്കർത്താവുമായ ബിർസ മുണ്ടയുടെ 150-ാാം ജന്മവാർഷിക ആഘോഷത്തിൻറേയും ഭാഗമായി പ്രധാനമന്ത്രി നരേന്ദ്ര മോദി ബിഹാറിലെ ജമുയിലെത്തി. ഗ്രാമീണ, വിദൂര പ്രദേശങ്ങളിലെ ഗോത്രവർഗ്ഗ സമൂഹങ്ങളുടെ വികസനത്തിനായി <u>ആറായിരത്തി 640 കോടി</u> രൂപയുടെ വികസന പദ്ധതികൾക്ക് ശ്രീ മോദി തുടക്കം കുറിച്ചു. ബിർസ മുണ്ടയുടെ സ്മരണാർഥം നിർമ്മിച്ച നാണയവും

RNU TVPM

തപാൽ സ്റ്റാമ്പും അദ്ദേഹം പുറത്തിറക്കി. രാജ്യത്തുടനീളമുള്ള 100 ജില്ലകളിലെ ജനങ്ങളുമായി പ്രധാനമന്ത്രി സംവദിച്ചു.

**(വോയിസ്........)**

*************************************************************

**ഇടുക്കി - ജോർജ് കുര്യൻ**

ധർത്തി ആബാ ജനജാതീയ ഗ്രാം ഉത്കർഷ് അഭിയാൻറെ ഭാഗമായി ഇടുക്കിയിൽ നടന്ന സംസ്ഥാനതല ഉദ്ഘാടന ചടങ്ങിൽ കേന്ദ്രസഹമന്ത്രി ജോർജ്ജ് കുര്യൻ മുഖ്യാതിഥിയായി. പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം പ്രധാനമന്ത്രി ഓൺലൈനായി നിർവഹിച്ചു. ഗോത്രവർഗ വിഭാഗത്തെ വികസിത സമൂഹമാക്കി മാറ്റുന്നതിനുള്ള ഊർജ്ജിത ശ്രമമാണ് പ്രധാനമന്ത്രിയുടെ നേതൃത്വത്തിൽ നടക്കുന്നതെന്ന് കേന്ദ്ര മന്ത്രി പറഞ്ഞു. കേരളത്തിൽ വയനാട്, പാലക്കാട്, കാസർഗോഡ്, ഇടുക്കി എന്നീ ജില്ലകളാണ് പദ്ധതിയിലുൾപ്പെടുന്നത്.

*************************************************************

**പാലക്കാട് തിരഞ്ഞെടുപ്പ്**

ഉപതെരഞ്ഞെടുപ്പിന് ദിവസങ്ങൾ മാത്രം ബാക്കിനിൽകെ പാലക്കാട് നിയമസഭാ മണ്ഡലത്തിലെ പ്രചാരണം ആവേശകരമായ അവസാന ഘട്ടത്തിലേക്ക്. മുന്നണികളുടെ താര പ്രചാരകരുടെ നേതൃത്വത്തിലാണ് മണ്ഡലത്തിൽ പ്രചാരണം പുരോഗമിക്കുന്നത്.

*************************************************************

**ആലപ്പുഴ - (ഇൻട്രോ)**

കൗമാരത്തിൻറെ ശാസ്ത്ര കൗതുകങ്ങൾക്കും കണ്ടുപിടുത്തങ്ങൾക്കും ഇനി നാല് നാൾ ആലപ്പുഴ വേദിയാകും. സംസ്ഥാന സ്കൂൾ ശാസ്ത്രോത്സവവും വൊക്കേഷണൽ

RNU TVPM

എക്സ്പോയും ഇന്ന് വൈകുന്നേരം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. രജിസ്ട്രേഷൻ രാവിലെ ആരംഭിച്ചു.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി**
**ആലപ്പുഴ ജില്ലാ പ്രതിനിധി ആർ രവികുമാർ....**
**(വോയിസ്.............)**

*************************************************************

**കണ്ണൂർ - അപകടം**

കണ്ണൂർ കേളകത്തിന് സമീപം നാടകസംഘം സഞ്ചരിച്ച ബസ് മറിഞ്ഞ് രണ്ട് പേർ മരിച്ചു. നാടക കലാകാരികളായ അഞ്ജലി, ജെസ്സി മോഹൻ എന്നിവരാണ് മരിച്ചത്. കേളകം മലയാംപടി റോഡ് എസ് വളവിൽ ഇന്ന് പുലർച്ചെയാണ് അപകടം. 12 പേർക്ക് പരിക്കേറ്റു.

RNU TVPM

*************************************************************

**ശബരിമല**

മണ്ഡല മകരവിളക്ക് മഹോത്സവ കാലത്തിന് തുടക്കം കുറിച്ച് ശബരിമല നട ഇന്ന് വൈകിട്ട് നാലിന് തുറക്കും. ശബരിമല, മാളികപ്പുറം പുതിയ മേൽശാന്തിമാരുടെ സ്ഥാനാരോഹണവും ഇന്ന് നടക്കും. വൃശ്ചികപ്പുലരിയായ നാളെ പുതിയ മേൽശാന്തിമാരാണ് നട തുറക്കുക. ജനുവരി 14-നാണ് മകരവിളക്ക്. 30,000 പേരാണ് വെർച്വൽ ക്യൂ വഴി ഇന്ന് ദർശനത്തിനായി ബുക്ക് ചെയ്തിട്ടുള്ളത്. 10,000 പേർക്ക് തത്സമയ ബുക്കിങ്ങും നടത്താം. ഇക്കുറി 18 മണിക്കൂറാണ് ദർശന സമയം.

*************************************************************

**<u>ശബരിമല - ഒരുക്കങ്ങൾ</u>**

മണ്ഡല മകരവിളക്ക് തീർത്ഥാടനത്തിനുള്ള ഒരുക്കങ്ങൾ പൂർത്തിയായി. എല്ലാ വകുപ്പുകളുടെയും പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയായതായി ആരോഗ്യ മന്ത്രി വീണാ ജോർജ് അറിയിച്ചിരുന്നു. തീർഥാടന കാലത്ത് കുടിവെള്ള വിതരണം സുഗമമാക്കുന്നതിനുള്ള ക്രമീകരണങ്ങൾ കേരള വാട്ടർ അതോറിറ്റി പൂർത്തിയാക്കി . തീർഥാടകർക്കായി പമ്പ മുതൽ സന്നിധാനം വരെ എട്ടു സംഭരണികളിലായി ഏകദേശം 68 ലക്ഷം ലിറ്റർ ജലം സംഭരിക്കുന്നുണ്ട്.

**************************************************************

**<u>പാലക്കാട്, കൽപ്പാത്തി - (ഇൻട്രോ)</u>**

പാലക്കാട് കൽപ്പാത്തി രഥോത്സവത്തോടനുബന്ധിച്ചുള്ള ദേവരഥ സംഗമം ഇന്ന് വൈകിട്ട് നടക്കും. രാവിലെ പഴയ കൽപ്പാത്തി, ചാത്തപുരം ക്ഷേത്രങ്ങളിലെ രഥപ്രയാണവും ആരംഭിച്ചു.

വിശദാംശങ്ങളുമായി ആകാശവാണി

**പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്.....**

**<u>(വോയിസ്.........)</u>**

RNU TVPM

**************************************************************

**<u>മഴ - സംസ്ഥാനം</u>**

കേരളത്തിൽ അടുത്ത അഞ്ച് ദിവസം ഇടിമിന്നലോടു കൂടിയ നേരിയ, ഇടത്തരം മഴയ്ക്ക് സാധ്യതയെന്ന് കാലാവസ്ഥാ വകുപ്പ്. ഇന്ന് ആലപ്പുഴ, തൃശ്ശൂർ ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്. മൽസ്യബന്ധനത്തിന് വിലക്കില്ല.

**************************************************************

## വെട്ടുകാട് തിരുന്നാൾ- (ഇൻട്രോ)

തിരുവനന്തപുരം വെട്ടുകാട് മാദ്രെ ദെ ദേവൂസ് ദേവാലയത്തിലെ, ക്രിസ്തുരാജത്വ തിരുനാളിന് ഇന്ന് കൊടിയേറും. ഈ മാസം 24 വരെയാണ് തിരുനാൾ ആഘോഷം. തിരുന്നാളിനോട് അനുബന്ധിച്ച ഇന്ന് ഉച്ചയ്ക്ക് ശേഷം തിരുവനന്തപുരം, നെയ്യാറ്റിൻകര താലൂക്കുകളിലെ എല്ലാ സർക്കാർ ഓഫീസുകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ജില്ലാ കളക്ടർ പ്രാദേശികാവധി പ്രഖ്യാപിച്ചിട്ടുണ്ട്.

**വിശദാംശങ്ങളുമായി ആകാശവാണി**
**തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്.....**
**(വോയിസ്...........)**

*****************************************************************

## കാസർകോട് അപകടം

കാസർഗോഡ് നീലേശ്വരത്ത് വെടിക്കെട്ട് അപകടത്തിൽ മാരകമായി പരിക്കേറ്റതിനെ തുടർന്ന് ചികിത്സയിലിരിക്കെ ഇന്നലെ മരിച്ച പി.സി പത്മനാഭൻറെ സംസ്ക്കാരം ഇന്ന്. അപകടത്തിൽ നേരത്തെ, അഞ്ച് പേർ മരിച്ചിരുന്നു. കഴിഞ്ഞ ഒക്ടോബർ 28-നാണ് വെടിക്കെട്ട് അപകടമുണ്ടായത്.

*****************************************************************

## ക്രിക്കറ്റ്

ദക്ഷിണാഫ്രിക്കയ്ക്കെതിരായ ഇന്ത്യയുടെ നാലാമത്തെയും അവസാനത്തെയും ട്വൻറി -20 മത്സരം ഇന്ന് നടക്കും. ദക്ഷിണാഫ്രിക്കയിലെ വാൻഡറേഴ്സ് ക്രിക്കറ്റ് സ്റ്റേഡിയത്തിൽ ഇന്ത്യൻ സമയം രാത്രി 8.30-നാണ് മത്സരം. മൂന്നാം മത്സരത്തിൽ ഇന്ത്യ, 11 റൺസിന് വിജയിച്ചിരുന്നു. നാല് മത്സരങ്ങളടങ്ങിയ പരമ്പരയിൽ ഇന്ത്യ 2-1 ന് മുന്നിലാണ്.

*****************************************************************

RNU TVPM

**റേഷൻ കാർഡ് - തെളിമ**

റേഷൻ കാർഡുകളിലെ തെറ്റു തിരുത്താൻ കാർഡ് ഉടമകൾക്ക് അവസരം നൽകുന്ന സിവിൽ സപ്ലൈസ് വകുപ്പിൻറെ തെളിമ - 2024 പദ്ധതിയുടെ ഉദ്ഘാടനം മന്ത്രി ജി ആർ അനിൽ തിരുവനന്തപുരത്ത് നിർവഹിച്ചു. ഇന്നുമുതൽ ഡിസംബർ 15 വരെ റേഷൻ കടകളിൽ സ്ഥാപിച്ചിട്ടുള്ള പ്രത്യേക പെട്ടികളിൽ റേഷൻ കാർഡ് ഉടമകൾക്ക് അപേക്ഷകൾ സമർപ്പിക്കാം.

***********************************************************

**സ്വർണ്ണവില**

സ്വർണവില കൂടി. ഗ്രാമിന് 10 രൂപ വർധിച്ച് 6,945 രൂപയും പവന് 80 രൂപ കൂടി 55,560 രൂപയുമാണ് ഇന്നത്തെ വില.

***********************************************************

**ലോകായുക്ത ദിനാഘോഷം**

ഈ വർഷത്തെ ലോകായുക്ത ദിനാഘോഷം നാളെ വൈകുന്നേരം 4 മണിക്ക് നിയമസഭാ സമുച്ചയത്തിൽ നടക്കുന്ന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. ലോകയുക്ത ജസ്റ്റിസ് എൻ അനിൽകുമാർ അദ്ധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ നിയമ മന്ത്രി പി രാജീവ് വിശിഷ്ടാതിഥിയാകും. പ്രതിപക്ഷ നേതാവ് വി ഡി സതീശൻ, അഡ്വക്കേറ്റ് ജനറൽ കെ ഗോപാലകൃഷ്ണ കുറുപ്പ്, നിയമവിദഗ്ദ്ധർ തുടങ്ങിയവർ സംബന്ധിക്കും.

***********************************************************

RIJU TVPM

**ലോകായുക്ത സിറ്റിങ്**

കേരള ലോകായുക്ത സിറ്റിംഗ് ഈ മാസം 20, 21 തീയതികളിൽ നടക്കും. 20- ന് രാവിലെ 10.30-ന് കോട്ടയം ബാർ അസോസിയേഷൻ ഹാളിലും 21- ന് രാവിലെ 11 മണിക്ക് തൃശ്ശൂർ ഗസ്റ്റ് ഹൗസ് കോൺഫറൻസ് ഹാളിലുമാണ് സിറ്റിംഗ്. പുതിയ പരാതികളും സ്വീകരിക്കും.

**************

******************************

*****************************************************************

RNU TVPM